തിരുവിതാംകൂർ ദേവസ്വം ബോർഡ്

അസിസ്റ്റന്റ്റ് എൻജിനീയർ ഓഫീസ്, പുനലൂർ

Ph: 9188911720

പുനർ ലേലപരസ്യം

പുനലൂർ ഗ്രൂപ്പിൽപെട്ട കടയ്ക്കൽ CBSE സെൻട്രൽ സ്കൂളിലെ പഴയ കെട്ടിടം പൊളിച്ചു മാറ്റിയ അവശിഷ്ടങ്ങളായ മേച്ചിൽ ഓട്, കമഴ്ത്തി ഓട്, തടി എന്നിവ മാറ്റുന്നതിന് 05/08/2025-ലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് തിരുവനന്തപുരം എക്സിക്യുട്ടീവ് എഞ്ചിനീയർടെ ഉത്തരവ് No.861 അടിസ്ഥാനത്തിൽ അംഗീകൃത സർവെ റിപ്പോർട്ട് തുകയായ 16,860/-രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 2025-ാം ആണ്ട് സെപ്റ്റംബർ മാസം 22-ാംതീയതി പകൽ 11 പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം 11 മണിക്ക് മുൻപായി തിരിച്ചറിയൽ രേഖ സഹിതം പുനലൂർ ഗ്രൂപ്പിൽപെട്ട **കടക്കൽ CBSE** സ്കൂളിൽ ഹാജരായി 500/-രൂപ നിരതദ്രവ്യം കെട്ടിവെച്ച് പേരുകൾ രജിസ്റ്റർ ലേലത്തിൽ പങ്ക് കൊള്ളേണ്ടതാണ്. നിശ്ചിത തുകക്കുള്ള നിരതദ്രവ്യത്തോട് കൂടിയ ക്വട്ടേഷനുകളും ലേല സമയത്തിന് മുൻപ് ഹാജരാക്കാവുന്നതാണ്. ക്വട്ടേഷൻ നൽകുവാൻ ഉദ്ദേശിക്കുന്നവർ അന്നേ ദിവസം 11 മണിക്ക് മുൻപായി **കടയ്ക്കൽ CBSE സ്കൂളിൽ** ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

അടിസ്ഥാന തുകയിൽ തുടങ്ങി ലേലം വിളി ആരംഭിക്കുന്നതും ലേലം വിളിക്കുന്നത് അവസാനിക്കുന്ന മുറക്ക് സീൽ ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതും ഏറ്റവും കൂടുതൽ തുകക്ക് വിളി കേൾക്കുന്നയാളുടെ/ക്വട്ടേഷൻ നൽകുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ലേലം കൂടുതൽ തുകക്ക് വിളി കേൾക്കുന്നയാൾ/ക്വട്ടേഷൻ നൽകുന്ന ആൾ ലേലത്തുകയുടെ 50% തുകയും + മുഴുവൻ ലേലതുകയുടെ 18% GST - യും ഉടനടി കെട്ടി വേക്കേണ്ടതുമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ലേല അനുവാദം വന്നു വിവരം തെര്യപ്പെടുത്തുന്ന മുറക്ക് ബാക്കി ലേല തുക ഒന്നായി കെട്ടി വെച്ച് ലേല സാധനങ്ങൾ സ്വന്തം ചിലവിൽ കൊണ്ട് പോകേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ കൊടുക്കുന്നതാണ്.

1 സാങ്ഷൻ ലഭിച്ച സർവ്വേ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വകകൾ അല്ലാതെ മറ്റുള്ള വകകൾ കാണപ്പെട്ടാൽ ആയതിൻമേൽ ലേലം കൊണ്ട ആളിന് അവകാശമുണ്ടായിരിക്കുകയില്ല.

2 ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് മേൽപ്പടി കെട്ടിടം,ആഫീസ് സമയങ്ങളിൽ പുനലൂർ അസിസ്റ്റന്റ് എൻജിനീയറുടേയോ/ കടയ്ക്കൽCBSE സ്കൂൾ പ്രിൻസിപ്പലിന്റേയോ അനുവാദത്തോടെ നേരിൽ കാണാവുന്നതാണ്.

ലേലത്തെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് പുനലൂർ അസിസ്റ്റന്റ് എൻജിനീയർ ആഫീസിൽ നിന്നോ കടയ്ക്കൽ CBSE സ്കൂളിൽ നിന്നോ എല്ലാ പ്രവർത്തി ദിവസങ്ങളിലും ആഫീസ് സമയത്ത് അറിയാവുന്നതാണ്.

ഈ ഡിപ്പാർട്ട്മെന്റ്റിന്റെ നിലവിലുള്ള എല്ലാ ചട്ടങ്ങളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം അനുവാദം ലഭിച്ച് 5 ദിവസത്തിനുള്ളിൽ സാമഗ്രികൾ നീക്കേണ്ടതാണ്. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കെട്ടി വച്ചിട്ടുള്ള തുക ഡിപ്പാർട്ട്മെന്റ് മുതൽകൂട്ടി തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയതിന് ശേഷമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തുന്നതിനും യാതൊരു കാരണവും കൂടാതെ നിരാകരിക്കുന്നതിനും മാറ്റി വയ്ക്കുന്നതിനുമുള്ള അധികാരം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത ലേല ദിവസം എന്തെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയം ലേല നടപടികൾ നടത്തുന്നതായിരിക്കും.

(ഒപ്പ്)
അസിസ്റ്റന്റ് എഞ്ചിനീയർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
പുനലൂർ

പുനലൂർ
18/09/2025